## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 6165 — 10.07.2012- ൽ മറുപടിക്ക്

## മലപ്പുറം ജില്ലയിൽ കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ

**ചോദ്യം**

ശ്രീ.പി.ഉബൈദുള്ള

**ഉത്തരം**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) മലപ്പുറം ജില്ലയിൽ കൃഷി അസിസ്റ്റന്റുമാരുടെ ധാരാളം ഒഴിവുകൾ നിലവിലുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനും നിയമനം നടത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) എല്ലാ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. യിൽ നിന്ന് അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവുകൾ നൽകുന്നതായിരിക്കും. കൃഷി അസിസ്റ്റന്റുമാരുടെ റാങ്ക് ലിസ്റ്റ് നിലവിലില്ല എന്ന് പി.എസ്.സി. അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള എല്ലാ ഒഴിവുകളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കൃഷി അസിസ്റ്റന്റുമാരെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുവാൻ എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) പി.എസ്.സി. നിയമനം വൈകുന്ന സാഹചര്യത്തിൽ നിശ്ചിത യോഗ്യതയുള്ളവരെ എംപ്ലോയ്മെന്റിൽ നിന്നും നിയമിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കൃഷി അസിസ്റ്റന്റുമാരെ താൽക്കാലികമായി നിയമിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ